**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **12-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി അപകടത്തിൽ മരണപ്പെട്ട കെ.എസ്.ഇ.ബി തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി.യിലെ കരാർ, സ്ഥിരം തൊഴിലാളികളിൽ എത്രപേർ ജോലിയിലിരിക്കെ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ബോർഡ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി.യിലെ കരാർ, സ്ഥിരം തൊഴിലാളികളിൽ ജോലിയിലിരിക്കെ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം 1. പ്രായവും മാസവരുമാനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാര- ത്തിന് അർഹതയുണ്ട്. (03.01.2020 മുതൽ) 2. കെ.എസ്.ഇ.ബി. EWF ന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്. 3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപയും) ലഭിക്കുവാൻ അർഹതയുണ്ട്. 4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്. കൂടാതെ ആശ്രിതർക്ക് നിയമാനുസൃതമായ അർഹതയ്ക്ക് വിധേയമായി, |

അപേക്ഷിക്കുന്ന പക്ഷം കുടുംബ പെൻഷനും നൽകി വരുന്നു. 5. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021) 6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം 1. പ്രായവും മാസവേതനവും അനുസരിച്ചു 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. (03.01.2020 മുതൽ). 2. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021). അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചു വരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസ മുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. മേൽ

| | | | |
|---|---|---|---|
| | | | പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അപകടമരണം സംഭവിച്ചിട്ടുള്ള ജീവനക്കാരൻ/കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയവരുടെ ആശ്രിതർക്ക് പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തവരുടെ വിഷയത്തിലും വിവിധ കോടതികളിൽ കേസ് ഫയൽ നിലനിൽക്കുന്നവരുടെ കാര്യത്തിലും നഷ്ടപരിഹാരം അനുവദിക്കുന്നത് രേഖകൾ ലഭ്യമാകുന്ന മുറയ്ക്കും വിധിന്യായം പുറപ്പെടുവിക്കുന്ന മുറയ്ക്കും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | കെ.എസ്.ഇ.ബി. ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2016 | 9 | 10 |
| 2017 | 8 | 12 |
| 2018 | 8 | 8 |
| 2019 | 6 | 9 |
| 2020 | 10 | 11 |
| 2021 | 6 | 12 |

സെക്ഷൻ ഓഫീസർ